**എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരള, തിരുവനന്തപുരം**
**(സാന്നിദ്ധ്യം-എസ്. ആനന്ദകൃഷ്ണൻ. ഐ.പി.എസ്)**

വിഷയം-എക്സൈസ് ഭരണപരം-ഞാറയ്ക്കൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എ.രമേഷ്-സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം-1. സ.ഉ(പി) നം. 13/2000/ഉ.പ.ഭ.വ തീയതി 27.04.2000.
2. എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എ.രമേഷിന്റെ 03.10.2019-ലെ അപേക്ഷ.
3. എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 04.10.2019-ലെ ഇ.1-8152/2019 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ എക്സ്.ഡി.3-136956/2019 തീയതി 09.10.2019**

എറണാകുളം ഡിവിഷനിലെ ഞാറയ്ക്കൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എ.രമേഷ് ടിയാളുടെ മകളുടെ ചികത്സ ആവശ്യത്തിനായി ഫീൽഡ് ഓഫീസ് ഒഴിവാക്കി എറണാകുളം ജില്ലയിൽ ഒഴിവുള്ള ഏതെങ്കിലും ഓഫീസിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. ടിയാന്റെ അപേക്ഷയിലെ ആവശ്യം മനുഷ്യത്വപരമായ പരിഗണന നൽകാവുന്നതാണെന്ന് എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) മേൽ സാഹചര്യത്തിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എ.രമേഷിന്റെ സൂചന (2) പ്രകാരമുള്ള അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് എറണാകുളം ഡിവിഷനിൽ നിലവിൽ ഒഴിവുള്ള കൊച്ചി ഇൻഡോ സ്കോട്ടിഷ് ബ്രാൻഡ് ഡിസ്റ്റിലറിയിൽ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

3) നിലവിൽ എറണാകുളം ജില്ലയിൽ ഉപതെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ 26.10.2019-ന് ശ്രീ.എ.രമേഷിനെ ഞാറയ്ക്കൽ റേഞ്ച് ഓഫീസിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്.

4) എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എ.രമേഷ് വിടുതൽ ചെയ്യുന്ന മുറയ്ക്ക് ഞാറയ്ക്കൽ റെയിഞ്ചിന്റെ പൂർണ്ണ അധിക ചുമതല എറണാകുളം എക്സൈസ് ഇന്റലിജൻസ് ആന്റ് ആന്റി നാർക്കോട്ടിക് സ്ക്വാഡിലെ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.പി.ശ്രീരാജിന് നൽകിയും ഉത്തരവാകുന്നു.

ഒപ്പ്/-
എക്സൈസ് കമ്മീഷണർ

ഗ്രാഹകൻ

ശ്രീ.എ.രമേഷ്,
എക്സൈസ് ഇൻസ്പെക്ടർ,
എക്സൈസ് റേഞ്ച് ഓഫീസ്, ഞാറയ്ക്കൽ. (ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എറണാകുളം മുഖാന്തിരം.)

പകർപ്പ്

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2. എക്സൈസ് വിജിലൻസ് ഓഫീസർ
3. ജോയിന്റ് എക്സൈസ് കമ്മീഷണർ, ഉത്തരമേഖല
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എറണാകുളം
5. ഉത്തരവ് ഫയൽ/കരുതൽ ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്.

എസ്.ജെ/9.10..19